ഭവന നിർമ്മാണ ബോർഡിലെ സ്പോർട്സ് കാട്ടാ നിയമനം

37 [1603] ശ്രീ. വി. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ സ്പോർട്സ് കാട്ടായിൽ ഉൾപ്പെടുത്തി ഏതെങ്കിലും നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് നിയമനം നടത്തിയത് എന്ന് വെളിപ്പെടുത്തുമോ;

(സി) ആരെയെല്ലാമാണ് ഇങ്ങനെ നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇവരുടെ നിയമനരീതി എങ്ങനെയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഗവൺമെൻറിൽനിന്നും ലക്ഷംവീട് കോളനിയിൽ താമസിക്കുന്ന ഒരു പാവപ്പെട്ട ദേശീയ നീന്തൽ താരത്തിന് എൽ.ഡി. ക്ലാർക്കായി നിയമനം നൽകുവാൻ നിർദ്ദേശമിട്ടിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം ബോർഡിന്റെ പരിഗണനയിലാണ്.

(ബി, സി) ചോദ്യം 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഡി, ഇ) ഉദിക്കുന്നില്ല.

സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ എൽ.ഡി. ക്ലാർക്കുമാരുടെ നിയമനം

38 [1604] ശ്രീ. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ എൽ.ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്താൻ പി.എസ്.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകളിലേക്ക് പി.എസ്.സി. വഴി നിയമനം നടത്താൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly